"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - എൽ.ഡി.ക്ലർക്ക് തസ്തികയിൽ വിവിധ നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വിഷ്ണു.എം.എസ്. മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.125/2024 നമ്പർ കേസിലെ 19.01.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.741/2025/LSGD തീയതി,തിരുവനന്തപുരം, 20-03-2025

പരാമർശം:-

1. മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജയ്സ് ബാബു മുതൽ പേർ സർക്കാരിൽ സമർപ്പിച്ച വിവിധ തീയതിയിലെ നിവേദനങ്ങൾ(Annexure A3 series).
2. ശ്രീ. വിഷ്ണു.എം.എസ്. മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.125/2024 നമ്പർ കേസിലെ 19.01.2024 തീയതിയിലെ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2024 തീയതിയിലെ LSGD/PD/10753/2024-LL2 നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.02.2025 തീയതിയിലെ LSGD/PD/10753/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ വിവിധ നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന 100ൽ പരം ജീവനക്കാർ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങൾ പ്രകാരം, മുനിസിപ്പൽ കോമൺ സർവ്വീസിൽ പി.എസ്.സി നിയമനം വഴി എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം ലഭ്യമായ തങ്ങൾക്ക് പ്രസ്തുത ലിസ്റ്റിൽ നിന്ന് മറ്റ് സർക്കാർ വകുപ്പുകളിൽ നിയമനം നേടിയ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം തസ്വഭവ അർബൻ സർവ്വീസിൽ നിന്നും വകുപ്പ് മാറ്റി പുനർവിന്യസിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ടിയാളുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.125/2024 നമ്പർ കേസിലെ 19.01.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകരുടെ അനക്ഷർ എ3 സീരീസ് നിവേദനങ്ങൾ പരിശോധിച്ച് അപേക്ഷകരെയോ അവരുടെ പ്രതിനിധികളെയോ നേരിൽ കേട്ട ശേഷം, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ നാല് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് രണ്ടാം എതിർകക്ഷിക്ക്(സർക്കാർ) നിർദ്ദേശം നൽകിയിരുന്നു.

2.ബഹു. ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 13.03.2024 ന്ന പരാതിക്കാരെ നേരിൽ കേട്ടു. പരാതിക്കാരിൽ 9-പേർ ഹിയറിങ് സമയത്തു ഹാജരായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഉദ്യോഗസ്ഥരും ഹാജരായിരുന്നു.

3. ഹിയറിങ് സമയത്തെ ടി ജീവനക്കാരുടെ വാദങ്ങൾ പ്രകാരം, കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗവണ്മെന്റ് ജീവനക്കാരെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് വിവിധ വകുപ്പുകളിലേയ്ക്ക് നടത്തിയ പരീക്ഷയിൽ സർക്കാർ നിർണ്ണയിച്ച എല്ലാ നിബന്ധനകളും പാലിച്ച് റാങ്ക് ലിസ്റ്റിൽ ഇടം നേടിയ തങ്ങളോട് willingness ചോദിക്കാതെയാണ് ആനുകൂല്യങ്ങളും വേതന വ്യവസ്ഥകളും വ്യത്യസ്തമായ മുനിസിപ്പൽ കോമൺ സർവിസിലേയ്ക്ക് നിയമിച്ചത് എന്നും ഒരേ PSC rank list- ൽ നിന്നും മുനിസിപ്പൽ കോമൺ സർവിസിലേയ്ക്ക്

തങ്ങളെപ്പോലെ നിയമനം ലഭിച്ച ഉദ്യോഗസ്ഥരും മറ്റു വകുപ്പുകളിലേയ്ക്ക് നിയമനം ലഭിച്ച ഉദ്യോഗസ്ഥരും തമ്മിലുള്ള സേവന വേതന വ്യവസ്ഥകളിൽ വളരെ വ്യത്യാസം ഉണ്ട് എന്നും അറിയിക്കുകയുണ്ടായി. മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെ സർക്കാർ ഉദ്യോഗസ്ഥരായി പ്രഖ്യാപിച്ചിട്ടും കാര്യമായ മാറ്റമൊന്നും ജീവനകാര്യങ്ങളിൽ സംഭവിച്ചിട്ടില്ല. നിയമനത്തിലും, നിയമനം ലഭിച്ചിട്ടുള്ള സ്ഥാപനത്തിലെ ആനുകൂല്യങ്ങളിലും സേവന വേതന കാര്യങ്ങളിലും തുല്യത ലഭിക്കാത്ത തങ്ങളെ, ഇതേ റാങ്ക് ലിസ്റ്റിൽ നിന്ന് വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ചവർക്ക് നൽകുന്നത് പോലെയുള്ള സേവന വേതന വ്യവസ്ഥകളും ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനോ, അതിനു കഴിയാത്ത പക്ഷം അവ ലഭിക്കുന്ന മറ്റു വകുപ്പുകളിലേയ്ക്ക് തങ്ങളുടെ സേവന കാലയളവും അനുബന്ധകാര്യങ്ങളും സംരക്ഷിച്ചുകൊണ്ട് തന്നെ, പുനർ നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. അപേക്ഷകരുടെ Annexure A3 series നിവേദനങ്ങളിൽ പരാതിക്കാർ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | മുനിസിപ്പാലിറ്റി ജീവനക്കാർക്ക് ശമ്പളം സർക്കാർ ട്രഷറി വഴി സ്പാർക്കിലൂടെ വിതരണം ചെയ്യണം. | G - S p a r k ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജീവനക്കാരെയും സ്പാർക്കിലേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. |
| 2 | PF-കേരള മുനിസിപ്പാലിറ്റീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് ആയി തുടരുന്നത് മാറ്റണം. PF ക്ലോഷർ, NRA അലോട്ട്മെന്റ്, PF ക്രഡിറ്റ് കാർഡുകൾ പരാതി പരിഗണിക്കണം. NRA അനുവദിക്കുന്നതിന് 1 0 വർഷം സർവ്വീസ് പൂർത്തീകരിച്ചാൽ മതിയെന്ന് ആക്കണം. | പഞ്ചായത്ത് വകുപ്പിലെ പി.എഫ് പഞ്ചായത്ത് വകുപ്പിൽ തന്നെ തുടർന്നു വരുന്നതിനാൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ പി.എഫും നഗരകാര്യ വകുപ്പിലെ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ തുടർന്നു വരുന്നതാണ് ഉചിതം. ടി പരാതികൾ പരിഹരിച്ച് വരുന്നുണ്ട്. സർക്കാർ സർവ്വീസിലേതുപോലെ 10 വർഷം സർവ്വീസ് പൂർ ത്തിയാക്കിയവർ ക്ക് NRA അനുവദിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു. |
| 3 | ഹൗസ് ബിൽഡിംഗ് അഡ്വാൻസ് (HBA) അനുവദിക്കണം.. | എച്ച്.ബി.എ. അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| 4 | ശമ്പളവും പെൻഷനും സർക്കാർ നേരിട്ട് നൽകണം. | നഗരസഭാ ജീവനക്കാർ റിട്ടയർ ചെയ്യുമ്പോൾ ഇപ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ് പെൻഷൻ അനുവദിച്ച് വരുന്നത്. |

| | | |
|---|---|---|
| | | |
| 5 | വിവിധ വകുപ്പുകളിലെ വിവിധ തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് അനുവദിക്കുക. | നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| 6 | ഇന്റർ ട്രാൻസ്ഫർ അനുവദിക്കുക | അനുവദിച്ചിട്ടുണ്ട്. |
| 7 | G-Spark ഏർപ്പെടുത്തുക | G-Spark ഏർപ്പെടുത്തിയിട്ടുണ്ട്. |
| 8 | മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ മുൻകാല സർവ്വീസ് കണക്കാക്കുന്നില്ല. | മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ മുൻകാല സർവ്വീസ് കണക്കാക്കുന്നത് പരിശോധിച്ചുവരുന്നു. |
| 9 | ആശ്രിത നിയമനം മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും മാത്രം ഒതുങ്ങുന്നു. മറ്റ് വകുപ്പുകളിലേയ്ക്കും ആശ്രിത നിയമനം നൽകണം. | കണ്ടിജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാർ ആക്കിയിട്ടില്ല. ഇന്റഗ്രേഷൻ വന്ന സ്ഥിതിക്ക് ഇന്റഗ്രേറ്റ് വകുപ്പിൽ ആശ്രിത നിയമനം നൽകാൻ കഴിയും. എന്നാൽ മറ്റ് വകുപ്പുകളിൽ നിയമിക്കുന്നതിൽ തീരുമാനമെടുക്കേണ്ടതുണ്ട്. |
| 10 | ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുമ്പോൾ ഒഴിവ് സൃഷ്ടിക്കപ്പെടുന്ന തീയതിക്ക് പ്രാമുഖ്യം നൽകി അന്നേ ദിവസത്തിനുള്ളിൽ യോഗ്യതാ പരീക്ഷ വിജയിച്ചവരിൽ സീനിയർ ആയ ആൾക്ക് ആ തസ്തിക മാറ്റിവച്ച് നിയമനം അനുവദിക്കുന്നില്ല. | ടി വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| | | |
| 11 | സർവ്വീസ് കൈകാര്യം ചെയ്യുന്നതിന് G-Spark ഏർപ്പെടുത്തുക | G-Spark ഏർപ്പെടുത്തിയിട്ടുണ്ട്. |
| 12 | സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതു പോലെ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്കും സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കുക. | മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാർ ആക്കിയതിനാൽ ആയത് പരിശോധിക്കുന്നതാണ്. |
| 13 | ശമ്പളം ട്രഷറി വഴി ലഭിക്കുന്നില്ല. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് G-Spark വഴി ശമ്പളം ജനറേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുള്ളതാണ്. |
| 14 | നഗരസഭകളിൽ ശമ്പളം മുടങ്ങുന്നു | പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 15 | തനത് ഫണ്ടിൽ പണമില്ലാത്ത നഗരസഭകളിലേക്ക് ആവശ്യപ്പെടാതെ ട്രാൻസ്ഫർ നൽകുന്നു. | പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ച് മാത്രമാണ് സ്ഥലം മാറ്റം അനുവദിക്കുന്നത്. |
| 16 | മുനിസിപ്പൽ കോമൺ സർവ്വീസിനെ മുനിസിപ്പൽ ട്രാൻസ്ഫർ സർവ്വീസായി പരിമിതപ്പെടുത്തുന്നു. | പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ച് മാത്രമാണ് സ്ഥലം മാറ്റം അനുവദിക്കുന്നത്. |
| 17 | സർക്കാർ ജീവനക്കാർ എന്നുള്ളത് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നു. | തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ ബന്ധപ്പെട്ട ആക്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാധ്യസ്ഥരാണ്. |

| | | |
|---|---|---|
| | സർക്കാർ ജീവനക്കാർ ആയി പ്രഖ്യാപിച്ചിട്ടും സർക്കാർ ഉത്തരവുകൾക്കനു സരിച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിക്കുന്നു. | |
| 18 | സ്പാർക്ക് ഇല്ലാത്തതുമൂലം സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നില്ല. സർവ്വീസ് കാര്യങ്ങൾ അറിയുവാൻ സാധിക്കുന്നില്ല. | G-Spark അനുവദിച്ചിട്ടുള്ളതാണ്. |
| 19 | ക്ലാർക്ക് തസ്തികയ്ക്ക് പകരം ബിൽ കളക്ടർ ആയി നിയമിക്കുന്നു. | തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ ടി സ്ഥാപനങ്ങളിലെ ആക്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാധ്യസ്ഥരാണ്. |
| 20 | നഗരസഭകളിൽ നിന്നും വിരമിക്കുവന്നവർ നഗരസഭയുടെ മാത്രം ജീവനക്കാരായി മാറ്റപ്പെടുന്നു. | നിലവിൽ എല്ലാ ജീവനക്കാരേയും സർക്കാർ ജീവനക്കാരായി അംഗീകാരിച്ചിട്ടുള്ളതും G-Spark അനുവദിച്ചിട്ടുള്ളതുമാണ്. |
| 21 | വിവേചനം സഹിക്കാനാവാതെ മറ്റ് വകുപ്പുകളിൽ താഴ്ന്ന തസ്തികകളിൽ ജോലി ചെയ്തിരുന്ന നിരവധി ജീവനക്കാർ പഴയ താഴ്ന്ന തസ്തികയിലേക്ക് തന്നെ തിരിച്ചു പോകുന്നു | പരിശോധിക്കുന്നതാണ്. |
| 22 | ഒരേ ഓഫീസിൽ തുല്യത പാലിക്കുന്നില്ല. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| 23 | സർക്കാർ ജീവനക്കാരായിരുന്നിട്ടും വകുപ്പുതല പരീക്ഷ ഫ്രീ ചാൻസ് അനുവദിച്ചിരുന്നില്ല | നിലവിൽ 07.10.2021 തീയതിയിലെ സ.ഉ(കൈ)നം. 25/2021/ഉഭപവ ഉത്തരവ് പ്രകാരം വകുപ്പുതല പരീക്ഷയ്ക്കായി ഫ്രീ ചാൻസ് അനുവദിച്ചിട്ടുള്ളതാണ്. |

5. അപേക്ഷകരുടെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, പരാതിക്കാരുടെ ആവശ്യങ്ങളിൽ ഭൂരിപക്ഷവും നിലവിൽ പരിഹരിച്ചിട്ടുള്ളതും ചില വിഷയങ്ങളിൽ നയപരമായ തീരുമാനം ആവശ്യമുള്ളതുമാണ്. തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ റൂളിൽ അടക്കം മാറ്റം വരുത്തുന്നത് സംബന്ധിച്ച മേൽ വിഷയങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നതുമാണ്. സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമുള്ള പ്രസ്തുത വിഷയങ്ങൾ സർക്കാർ വിവിധ തലങ്ങളിൽ പരിശോധിച്ച് വരുന്നവയും വിശദമായ പരിശോധനകൾക്കു ശേഷം മാത്രമേ ആയതിൽ അന്തിമതീരുമാനം സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂവെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ ലഭ്യമായ വിവരങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ അപേക്ഷകരുടെ Annexure A3 series representations-നുകളിലെ ആവശ്യങ്ങളിൽ ഭൂരിപക്ഷവും നിലവിൽ അംഗീകരിച്ചിട്ടുള്ളതാകയാലും മറ്റ് വിഷയങ്ങളിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രപ്പോസലുകൾ സർക്കാർ പരിഗണനയിലുള്ളതും, വിശദമായി പരിശോധിച്ച് നയപരമായ തീരുമാനമെടുക്കേണ്ടതുള്ളതിനാലും, ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് അപേക്ഷകരുടെ നിവേദനങ്ങൾ തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽപ്രകാരം O.A.125/2024 നമ്പർ കേസിലെ 19.01.2024 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-03-2025 12:54:34
സെക്ഷൻ ഓഫീസർ